<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.219 01.04.2013- ൽ മറുപടിയ്ക്ക്

<u>സർക്കാർ ആശുപത്രികളിലെ സേവനങ്ങൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി. ശിവൻകുട്ടി<br>" കെ സുരേഷ് കുറുപ്പ് | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ കോളേജിലെയും മറ്റു സർക്കാർ ആശുപത്രികളിലെയും സേവനങ്ങളെക്കുറിച്ച് അവലോകനം നടത്താൻ സർക്കാർ തയ്യാറാകുമോ; | (എ) | സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം എല്ലാ മാസവും ചേരുന്ന പ്രിൻസിപ്പൽമാരുടെ മീറ്റിംഗിൽ അവലോകനം നടത്തി വരുന്നു. ആരോഗ്യവകുപ്പുമന്ത്രി, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയാണ് ഈ അവലോകന യോഗം നടത്തുന്നത്. കൂടാതെ സേവനങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജിലും വൈസ് പ്രിൻസിപ്പലിന്റെ അദ്ധ്യക്ഷതയിൽ പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത പരാതികൾ ആരോഗ്യവകുപ്പുമന്ത്രി കൂടി പങ്കെടുക്കുന്ന ജില്ലാതല അദാലത്തുകളിൽ പരിശോധിക്കുന്നുണ്ട്.<br>ആരോഗ്യവകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും അവലോകന യോഗങ്ങൾ എല്ലാ മാസവും നടന്നുവരുന്നുണ്ട്. ജില്ലാ മെഡിക്കൽ ആഫീസർമാർ അവലോകന യോഗം നടത്തുകയും, സേവനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സ്റ്റേറ്റ് പ്രോഗ്രാം ആഫീസർമാർക്കും, ജില്ലാ മെഡിക്കൽ ആഫീസർമാർക്കും, സീനിയർ മെഡിക്കൽ ആഫീസർമാർക്കും എല്ലാ മാസവും നടക്കുന്ന അവലോകന യോഗത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. |

| | | |
|---|---|---|
| (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തിയേറ്ററിൽ കയറ്റിയ രോഗിയെ തിരിച്ചയയ്ക്കാനിടയായ സാഹചര്യം എന്തായിരുന്നു ; | (ബി) | ഹെപ്പറ്റൈറ്റിസ് രോഗ ബാധിതനായതിനാൽ ലാപ്രോസ്കോപ്പിക് സർജറി നടത്തുന്നതിനുള്ള ഉപകരണത്തിന്റെ ഭാഗം വാങ്ങുന്നതിന് രോഗിയിൽ നിന്നും തുക ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ടുണ്ടായ തർക്കം കാരണം സർജറി നടത്താൻ കഴിഞ്ഞില്ല എന്നതിനാലാണ് രോഗിയെ ഓപ്പറേഷൻ തിയേറ്ററിൽ നിന്നും തിരിച്ചയച്ചത്. |
| (സി) മരുന്നുലോബിയുടെയും, സ്വകാര്യ ലാബുകളുടെയും താല്പര്യം സംരക്ഷിക്കുന്ന ഡോക്ടർമാർ നിരവധിയുണ്ടെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നറിയിക്കുമോ;<br><br>(ഡി) ഇതുവരെ ഇത്തരം കേസ്സുകളിൽ എടുത്ത നടപടികൾ വിശദമാക്കുമോ? | (സി) & (ഡി) | മരുന്ന ലോബിയുടെയും, സ്വകാര്യ ലാബുകളുടെയും താല്പര്യം സംരക്ഷിക്കുന്ന പ്രവർത്തികൾ ഡോക്ടർമാരുടെ ഭാഗത്തു നിന്നുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യങ്ങൾ അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം നടത്തുവാൻ ആരംഭിച്ചതോടെ മരുന്ന് ലോബിയുടെ താല്പര്യം സംരക്ഷിക്കുന്ന സാഹചര്യം ഒഴിവായിട്ടുണ്ട്. രോഗ നിർണ്ണയത്തിന് അത്യാവശ്യമായി വരുന്നതും എന്നാൽ മെഡിക്കൽ കോളേജുകളിൽ ലഭ്യമല്ലാത്തതുമായ പരിശോധനകൾക്ക് മാത്രമെ ആശുപത്രികൾക്ക് പുറത്തുള്ള ലാബുകളിലേക്ക് റഫർ ചെയ്യാവൂ എന്ന് കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.<br>ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് സെൽ പരാതികൾ ലഭിക്കുമ്പോൾ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ